**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 513** **09-06-2021 - ൽ മറുപടിയ്ക്ക്**

**ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.ടി കോളനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **Shri K. Radhakrishnan**<br>**(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.ടി കോളനിയിൽ വീടില്ലാത്തതും വാസയോഗ്യമായ വീടില്ലാത്തവരുമായ എത്ര കുടുംബങ്ങളുണ്ട് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ചെമ്പക്കാട് പട്ടികവർഗ്ഗ കോളനിയിൽ നിലവിൽ വീടില്ലാത്തതും വാസയോഗ്യമായ വീടില്ലാത്തതുമായ 36 കുടുംബങ്ങളുണ്ട്. |
| (ബി) | ഇവർക്ക് വീട് നൽകാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി 23 കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. ആയതിൽ 19 കുടുംബങ്ങളുടെ വീട് നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 13 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മഴക്കാലമായാൽ അന്യവീടുകളിൽ അഭയം പ്രാപിക്കേണ്ട ദയനീയസ്ഥിതിയിൽ നിന്ന് കോളനിയിലുള്ളവർക്ക് എന്ന് മോചനം നൽകാനാകുമെന്ന് അറിയിക്കാമോ? | (സി) | ചെമ്പക്കാട് പട്ടികവർഗ്ഗകോളനിയിൽ ലൈഫ് മിഷൻ പദ്ധതിയിൽ വീട് അനുവദിച്ച 23 കുടുംബങ്ങൾക്കുള്ള വീട് പണി പൂർത്തീകരിക്കുന്ന മുറക്കും ബാക്കിയുള്ളവരെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്ന മുറക്കും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ